2015 സെപ്റ്റംബർ 30-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അധ്യക്ഷതയിൽ മോണിട്ടറിംഗ് & ഇവാല്യൂവേഷൻ കമ്മിറ്റി അംഗങ്ങളുടെയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 100 ഗ്രാമപഞ്ചായത്തുകൾക്കും ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള കമ്പ്യൂട്ടർ ടാബ്‌ലെറ്റ്സ്, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഹാർഡ്‌വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാക്കുന്നു. പരിശീലകർക്കുള്ള പരിശീലനം ഇന്റൽ ഇന്റർനാഷണൽ കോർപ്പറേഷനും പി.എൻ. പണിക്കർ ഫൗണ്ടേഷനും സംയുക്തമായും ഗുണഭോക്താക്കൾക്ക് 40 മണിക്കൂർ 80 മണിക്കൂർ വീതമുള്ള പരിശീലനം അക്ഷയ കേന്ദ്രങ്ങൾ മുഖേനയും നൽകിവരുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ ക്രമക്കേടുകൾ

54 (2546) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നടന്നുവരുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ബി) സംസ്ഥാനത്ത് ഹയർസെക്കന്ററി തുല്യതാകോഴ്സുകൾവരെ നടത്തുന്നതിന് ചുമതലപ്പെട്ട ഈ സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയിൽ മതിയായ യോഗ്യതയില്ലാത്ത ഒരാളെ നിയമിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹയർസെക്കണ്ടറി തുല്യതാകോഴ്സിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ധ്യാപക പ്രവൃത്തി പരിചയമുണ്ടോ ; അദ്ധ്യാപക യോഗ്യതാ നിർണ്ണയ പരീക്ഷകൾ പാസ്സായിട്ടുണ്ടോ ; ഇദ്ദേഹത്തെ നിയമിക്കാൻ സ്വീകരിച്ച മാനദണ്ഡമെന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) സാക്ഷരതാ മിഷന്റെ ഭരണ നിർവ്വഹണത്തിനായി രൂപീകരിച്ചിട്ടുള്ള എക്സിക്യൂട്ടിവ് കമ്മിറ്റിയുടെകീഴിൽ എത്ര ഉപസമിതികളാണുള്ളത് ; ഇവ യോഗം

LIBRARY ARCHIVES Kerala Legislative Assembly

ചേരാറുണ്ടോ ; ഇവയിലെ അംഗങ്ങളുടെ പേരുവിവരം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഒരു ഗവൺമെന്റ് ഓഫീസറോ അല്ലെങ്കിൽ ഗവൺമെന്റ് നോമിനേറ്റ് ചെയ്ത ഭരണപരിചയമുള്ള ഒരു വിദ്യാഭ്യാസ വിദഗ്ധനോ ആയിരിക്കണമെന്ന വ്യവസ്ഥ പ്രകാരം 30 വർഷത്തോളം അദ്ധ്യാപന പരിചയവും സർക്കാർ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളായി ഭരണപരിചയമുള്ളതും എഴുത്തുകാരനുമായ ആളെയാണ് നിയമിച്ചിരിക്കുന്നത്.

(സി) ഹയർസെക്കന്ററി തുല്യതാ കോഴ്സിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ധ്യാപക പ്രവൃത്തി പരിചയമോ അദ്ധ്യാപക യോഗ്യതാ പരീക്ഷ പാസാകണമെന്നോ വ്യവസ്ഥ ചെയ്തിട്ടില്ല. 20 വർഷത്തെ പ്രവൃത്തി പരിചയവും അക്കാദമിക് രംഗത്ത് ബിരുദാനന്തര ബിരുദവും അനൗപചാരിക വിദ്യാഭ്യാസത്തിൽ ഡിപ്ലോമയും നേടിയിട്ടുള്ള ആളിനെയാണ് പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള സമിതി ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്.

(ഡി) സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെകീഴിൽ അഞ്ച് ഉപസമിതികളാണ് ഉള്ളത്. അവ യഥാസമയം യോഗം ചേരാറുണ്ട്. അംഗങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പുഴമുതൽ പുഴവരെ പദ്ധതി

55 (2548) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴമുതൽ പുഴവരെഎന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly